# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - ജീവനക്കാര്യം - ശ്രീ.പി.സാബു, ഓഡിറ്റ് ഓഫീസറുടെ സസ്പെൻഷൻ പിൻവലിച്ച് തിരികെ ജോലിയിൽ പ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നം. കെ.എസ്.എ.2/എസ്റ്റാ.1/2018

തീയതി: 07.06.2018

---

സൂചന:-
(1) 23.02.2018-ലെ സ.ഉ(സാധാ)നം.1451/2018/ധന നമ്പർ ഉത്തരവ്.
(2) സ.ഉ(സാധാ)നം.4831/2018/ധന, തീയതി 06.06.2018.
(3) 12.04.2018-ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No.317/2018 & 315/2018 -ലെ ഉത്തരവ്.
(4) ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 06.06.2018-ലെ എസ്റ്റാ.ഡി.1/161/2017/ധന (692601) നമ്പർ കത്ത്.

## ഉത്തരവ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.കെ.പി.മാത്യു റോയി, ഓഡിറ്റ് ഓഫീസർ ശ്രീ.പി.സാബു എന്നിവരെ അച്ചടക്ക നടപടിക്ക് വിധേയമായി സൂചന(1) ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്തിരുന്നു. ടി ഉദ്യോഗസ്ഥർ തങ്ങളെ സസ്പെന്റ് ചെയ്ത നടപടി പുനഃപരിശോധിച്ച് തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്നു ആവശ്യപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ യഥാക്രമം OA No.317/2018 & 315/2018 എന്നീ കേസുകൾ ഫയൽ ചെയ്തു.

സൂചന (3)-ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം ടി ഉദ്യോഗസ്ഥരെ നേരിൽ കേൾക്കാനും, റിവ്യൂ പെറ്റീഷൻ പരിശോധിച്ച് ഉചിതമായ നടപടി ആറ് ആഴ്ചയ്ക്കുള്ളിൽ സ്വീകരിക്കണമെന്നും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻ പ്രകാരം ടി ഉദ്യോഗസ്ഥരെ 31.05.2018-ൽ സർക്കാർ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിലും തങ്ങൾ സ്വീകരിച്ച നടപടികൾ ദുർവ്യാഖ്യാനം ചെയ്യാൻ ഇടയായിട്ടുണ്ടെങ്കിൽ ആയത് മാപ്പാക്കി അച്ചടക്ക നടപടികൾ അവസാനിപ്പിക്കണമെന്നും സസ്പെൻഷൻ പിൻവലിച്ച ജോലിയിൽ പ്രവേശിപ്പിക്കണമെന്നും ഇരുവരും ഹിയറിംഗ് വേളയിൽ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.കെ.പി.മാത്യു റോയി, ഓഡിറ്റ് ഓഫീസർ ശ്രീ.പി.സാബു എന്നിവർ സമർപ്പിച്ച റിവ്യൂ ഹർജിയിൽ, തങ്ങൾ സ്വീകരിച്ച നടപടികൾ മാപ്പാക്കി അച്ചടക്ക നടപടികൾ അവസാനിപ്പിക്കണമെന്നും സസ്പെൻഷൻ പിൻവലിച്ച് തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുള്ളതു പരിഗണിച്ച്, ടി ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ പിൻവലിച്ച് കൊണ്ടും ഉടൻ പ്രാബല്യത്തിൽ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് കൊണ്ടും സൂചന(2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. പ്രസ്തുത സൂചന(2) ഉത്തരവ് പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.മാത്യു റോയിക്കെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടി താക്കീത് നൽകി അവസാനിപ്പിച്ച് കൊണ്ടും പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ ഡെപ്യൂട്ടി ഡയറക്ടറായി നിയമിച്ച് കൊണ്ടും ഓഡിറ്റ് ഓഫീസർ ശ്രീ.പി.സാബുവിനെ ആലപ്പുഴ ജില്ലയ്ക്ക് പുറത്തു ഒഴിവുള്ള

തസ്തികയിൽ ഉടൻ പ്രാബല്യത്തിൽ നിയമനം നൽകേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സൂചന (2)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലും സൂചന(4)-ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് ഓഫീസർ ശ്രീ.പി.സാബുവിനെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടിയും താക്കീത് നൽകി അവസാനിപ്പിക്കുന്നു. ടിയാനെ മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ ഓഡിറ്റ് ഓഫീസറായി നിയമിച്ചു കൊണ്ടും OA No. 315/2018 കേസിലെ കോടതിവിധി ഇപ്രകാരം നടപ്പിലാക്കി കൊണ്ടും ഉത്തരവാകുന്നു.

ഡയറക്ടർ

**ശ്രീ.പി.സാബു, ഓഡിറ്റ് ഓഫീസർ (ഓഫീസ് മേധാവി മുഖാന്തിരം)**
**നഗരസഭാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

പകർപ്പ്

1. അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ജോയിന്റ് ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ (ഹെഡ് ഓഫീസ്)
3. സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
4. ഡെപ്യൂട്ടി ഡയറക്ടർ, നഗരസഭാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
5. എസ്റ്റാ.2, 3
6. ഡയറക്ടറുടെ സി.എ
6. ഓഫീസ് കോപ്പി
7. സ്പെയർ കോപ്പി